## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2108**      **17.02.2016 ൽ മറുപടിക്ക്**

### റെയിൽവെ പദ്ധതികൾ നടപ്പാക്കുന്നതിന് കമ്പനി

| | ചോദ്യം | | മറുപടി |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന സർക്കാറിന്റെയും റെയിൽവെയുടെയും പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കമ്പനി രൂപീകരിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിനുവേണ്ടി സംസ്ഥാനം തിരഞ്ഞെടുക്കുന്ന പദ്ധതികൾക്കായി മാത്രം റെയിൽവേയും കേരള സർക്കാരും 49:51 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തമുള്ള ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതു സംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാ പത്രം 27.01.2016 ൽ ഒപ്പുവയ്ക്കുകയുമുണ്ടായി. സംസ്ഥാനം തെരഞ്ഞെടുക്കുന്ന റെയിൽവേ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി ജോയിന്റ് വെഞ്ച്വർ കമ്പനിയുടെ കീഴിൽ ആരംഭിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ശബരി പദ്ധതിയും നിലമ്പൂർ - നഞ്ചൻകോഡ് പാതയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | ഉൾപ്പെടുത്തേണ്ട പദ്ധതികൾ ഏതൊക്കെയാണെന്ന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ